LSGD
തദ്ദേശ സ്വയംഭരണ വകുപ്പ്

ഒഴൂർ
ഗ്രാമപഞ്ചായത്ത്

ബജറ്റ്
2024-25



ഒഴൂർ ഗ്രാമപഞ്ചായത്ത്

ബജറ്റ് 2024-25



ആമുഖം

പ്രിയപ്പെട്ടവരെ,

ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ **2024-25** സാമ്പത്തിക വർഷത്തേക്കുള്ള **ബജറ്റ്** അവതരണത്തിന് വേണ്ടിയാണ് നാം ഇവിടെ സമ്മേളിച്ചിരിക്കുന്നത്. രണ്ടുവർഷത്തോളം മനുഷ്യ സമൂഹത്തിന്റെ ജീവിത ക്രമങ്ങളെ മാറ്റി മറിക്കുകയും നമ്മുടെ ജീവിതത്തിൽ പ്രതിസന്ധികളുടെ കരിനിഴൽ വീഴ്ത്തുകയും ചെയ്ത കോവിഡ് കാലത്തിനുശേഷം നാം സാധാരണ ജീവിതം നയിച്ച പ്രതീക്ഷകളുടെ വർഷമായിരുന്നു 2023-24. മനുഷ്യ ജീവിതത്തിലെ സമ്മർദ്ധങ്ങളെ ലഘൂകരിക്കുന്നതിനുള്ള വിവിധ കൂട്ടായ്മകൾ സംഘടിപ്പിക്കുന്നതിനും നമുക്കു സാധിച്ചിട്ടുണ്ട്. ഏറെ പ്രത്യാശയോടെയാണ് **2024-25 ബജറ്റ് അവതരണം** നടത്തുന്നത്.

അധികാര വികേന്ദ്രീകരണത്തിന്റേയും, പഞ്ചായത്ത് രാജ് സംവിധാനത്തിന്റേയും ആധാര ശിലയായ ഗ്രാമസഭയിൽനിന്ന് ഉരുത്തിരിഞ്ഞുവരുന്ന നിർദ്ദേശങ്ങളാണ് വിവിധ മേഖലകളിലെ പദ്ധതികൾക്കായി ഉൾപ്പെടുത്തേണ്ടത്. പഞ്ചായത്ത്തലത്തിൽ വളരെ സജീവമായി നടന്ന ഗ്രാമസഭകൾ, വർക്കിംഗ് ഗ്രൂപ്പുകൾ വികസനസെമിനാർ എന്നിവയുടെ നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. തനത് വരുമാനം വളരെ കുറവുള്ള നമ്മുടെ ഗ്രാമപഞ്ചായത്തിൽ പദ്ധതി പ്രവർത്തനങ്ങൾക്ക് സംസ്ഥാന കേന്ദ്ര ഗവൺമെന്റുകളുടെ ഫണ്ടുകൾ മാത്രം ആശ്രയിക്കേണ്ട അവസ്ഥയുണ്ട്. പരിമിതികൾക്കുള്ളിൽ നിന്നും കൊണ്ടാണെങ്കിലും നമ്മുടെ പഞ്ചായത്തിന്റെ സുപ്രധാനമായ ചില പ്രശ്നങ്ങളെ ശരിയായ വിധത്തിൽ അഭിമുഖീകരിക്കുന്ന തരത്തിലാണ് ഈ ബജറ്റ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുക എന്ന ജീവൽപ്രധാനമായ ദൗത്യം മുന്നിൽ കണ്ടുകൊണ്ടുള്ള നടപടികൾക്ക് ഈ ബജറ്റിൽ മുൻഗണന നൽകിയിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുക എന്നത് കാലം ആവശ്യപ്പെടുന്ന ഒരു ഉത്തരവാദിത്തമായി പഞ്ചായത്ത് ഭരണസമിതി കാണുകയും, അതിന്നായി സേവന, പശ്ചാത്തല മേഖലകളിൽ ആവശ്യമായ തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

അടുത്ത സാമ്പത്തികവർഷം തന്നെ പൂർത്തീകരിക്കാൻ സാധിക്കുന്ന തരത്തിലുള്ള പദ്ധതികൾ ആണ് ഭരണസമിതി വിഭാവനം ചെയ്തിട്ടുള്ളത്. അത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ പദ്ധതി തുക 2024-25 സാമ്പത്തിക വർഷം തന്നെ പൂർണ്ണമായും ചെലവഴിക്കുക എന്ന ലക്ഷ്യവും ഇതിനു പിന്നിലുണ്ട്.

നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനായി മാലിന്യ നിർമ്മാർജ്ജനം, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, കുടിവെള്ളം, ഭവനനിർമ്മാണം തുടങ്ങിയ സമസ്ത മേഖലകൾക്കും ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജനം ഒരു തീവ്ര യജ്ഞമായി പരിഗണിച്ച് അതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ഇ-വേസ്റ്റ് ഉൾപ്പടെയുള്ള മാലിന്യങ്ങളുടെ സംസ്കരണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

അപ്രതീക്ഷിതമായ ഭീതി പടർത്തുന്ന പകർച്ചവ്യാധികളുടെ അതിവ്യാപനം സംഭവിക്കുന്ന ഈ കാലത്ത് രോഗപ്രതിരോധ ശേഷി നേടിയെടുക്കുക എന്നത് അത്യാവശ്യമാണ്. രോഗപ്രതിരോധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മനുഷ്യ ശരീരത്തിന്റെ സ്വാഭാവിക പ്രതിരോധ ശേഷിയെ നശിപ്പിക്കുന്ന ലഹരിവസ്തുക്കളുടെ ഉപയോഗം ചെറുപ്പക്കാർക്കും കുട്ടികൾക്കും ഇടയിൽപോലും കൂടിവരികയാണ്. സംസ്ഥാന സർക്കാരിന്റെ വിമുക്തിഫണ്ട് ഉപയോഗിച്ച് നടത്തിവരുന്ന ലഹരി-വിരുദ്ധ പ്രചാരണ പ്രവർത്തനങ്ങൾ ഈ വർഷവും തുടരുന്നതാണ്.

കുടിവെള്ളക്ഷാമം രൂക്ഷമായ മേഖലകളിൽ ജനങ്ങൾക്ക് സമാശ്വാസം പകരുന്നതിനുള്ള നടപടികൾ ഈ ബജറ്റിന്റെ ഒരു സുപ്രധാന ഭാഗമാണ്. കൂടാതെ ഭവനനിർമ്മാണത്തിന് വേണ്ടിയുള്ള സഹായം നൽകുന്നതിനാവശ്യമായ നടപടികൾക്കും ഈ ബജറ്റിൽ അർഹമായ പരിഗണന നൽകിയിട്ടുണ്ട്. ഭവന രഹിതരായ നിരവധി കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇപ്പോഴുമുണ്ട്. ആ യാഥാർത്ഥ്യത്തിന് നേരെ കണ്ണുകൾ തുറന്നു പിടിക്കുന്ന ഒരു ബജറ്റ് ആണ് ഇത്.

നമ്മുടെ പഞ്ചായത്തിലെ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരെ ഉയർത്തിക്കൊണ്ടുവരുന്നതിനും വയോജനങ്ങളുടെ ക്ഷേമത്തിനും ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനും അതിദരിദ്രർക്ക് ആനുകൂല്യങ്ങളും നൽകാൻ വേണ്ടിയുള്ള പദ്ധതികൾ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിരാലംബരായ രോഗികൾക്ക് പ്രത്യേക ശ്രദ്ധയും പരിചരണവും ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും ഈ ബജറ്റിന്റെ ഭാഗമാണ്.

കുട്ടികൾ, സ്ത്രീകൾ, വനിതാകൂട്ടായ്മകൾ എന്നിങ്ങനെ കൈതാങ്ങ് ആവശ്യമായവരും പ്രത്യേക പരിഗണന അർഹിക്കുന്നവരുമായ വ്യക്തികൾക്കും പ്രയോജനകരമാകുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള തുക വകയിരുത്തിയിട്ടുണ്ട്.

സ്നേഹാദരങ്ങളോടെ,

യൂസഫ് കൊടിയേങ്ങൽ

പ്രസിഡണ്ട് ഒഴൂർ ഗ്രാമപഞ്ചായത്ത്

ഒഴൂർ ഗ്രാമപഞ്ചായത്ത്

ബജറ്റ് 2024-25 അവതരണം



സജ്ന പാലേരി
വൈസ് പ്രസിഡണ്ട്

ഒഴൂർ ഗ്രാമപഞ്ചായത്ത് 2024-2025 വർഷത്തെ വാർഷിക ബജറ്റ് അവതരണത്തിലേക്ക് ഏവർക്കും സ്വാഗതം

കടുത്ത സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും കഴിഞ്ഞ സാമ്പത്തികവർഷം ആരോഗ്യമേഖലക്കും വിദ്യാഭ്യാസ മേഖലയക്കും ഊന്നല് കൊടുത്ത അവതരിപ്പിച്ച ബജറ്റ് വിഭാവനം ചെയ്ത പദ്ധതികൾ പരമാവധി പൂർത്തീകരിക്കാന് ശ്രമിച്ചിട്ടുണ്ട്. പക്ഷെ ഒരു തദ്ദേശസ്വയംഭരണ സ്ഥാപനമെന്ന നിലയില് പൂർണ്ണമായ ലക്ഷ്യത്തിലെത്താന് പഞ്ചായത്തുകൾക്ക് കഴിയാറുണ്ടോ എന്ന കാര്യത്തില് സംശയമുണ്ട്. ആവശ്യമായ സാമ്പത്തിക വിഭവ ശേഷിയുടെ അഭാവം പലപ്പോഴും പദ്ധതി പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാറുണ്ട്. പഞ്ചായത്തിന്റ തനതുവരുമാനം എന്ന രീതിയിൽ നികുതിപിരിവ് പരമാവധി ഊർജ്ജിതപ്പെടുത്താന് ബഹുമാനപ്പെട്ട മെമ്പർമാരുടെ സഹായത്തോടെ കഴിഞ്ഞിട്ടുണ്ട്. സമീപ പഞ്ചായത്തുകളെ അപേക്ഷിച്ച് വരുമാനം കുറഞ്ഞ പഞ്ചായത്ത് എന്ന രീതിയിൽ സംസ്ഥാന സർക്കാരിന്റെ പ്രത്യേക സഹായങ്ങൾ ലഭിക്കേണ്ടതായിട്ടുണ്ട്.

ഈ വാർഷിക ബജറ്റ് പശ്ചാത്തല വികസനത്തിനും, കാർഷിക മേഖലയ്ക്കും ഒപ്പം പാർപ്പിട മേഖലയ്ക്കും ഊന്നല് നൽകുന്നു. ദുർബല ജന വിഭാഗങ്ങളുടെ ഉന്നമനവും ലക്ഷ്യമിടുന്നു. പഞ്ചായത്ത് ചെലവഴിക്കുന്ന ഓരോ രൂപയും നേരിട്ട് ജനങ്ങളിലേക്ക് എത്തുന്നുണ്ട് എന്ന് ഉറപ്പാക്കണം; കാരണം എത് വികസനത്തിന്റേയും യഥാർത്ഥ ഉപഭോക്താക്കള് ജനങ്ങളാണ്.

നമ്മുടെ പഞ്ചായത്തിലെ ആരോഗ്യമേഖലയിൽ കൂടുതല് വികസന പ്രവർത്തനങ്ങള് നടത്തുന്നതിനും, ശുചിത്വ പദ്ധതികൾ പൂർത്തീകരിച്ച് മാലിന്യമുക്ത പഞ്ചായത്ത് ആക്കുന്നതിനും, വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തി കെട്ടിടം

നിർമ്മിക്കുകയും, കായിക മേഖലയുടെ വികസനത്തിനാവശ്യമായ കളിസ്ഥലം ഒരുക്കുക എന്നതും എല്ലാ വീട്ടിലും ശുദ്ധജലം എന്ന ലക്ഷ്യം നേടുന്നതിന് കിണർ കുഴിക്കാനുള്ള സഹായം നൽകുന്നതിനും, അതോടൊപ്പം തന്ന ജലജീവൻ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ഈ ബജറ്റ് ലക്ഷ്യമിടുന്നു.

നമ്മുടെ നാട്ടിൽ ഗുരുതരമായ അസുഖം ബാധിച്ച് കിടപ്പുരോഗികളായി തീർന്നവർക്ക് ആശ്വാസവും മരുന്ന് എത്തിക്കുന്ന രീതിയില് പാലിയേറ്റീവ് സംരംഭങ്ങൾക്ക് പഞ്ചായത്ത് മുൻകൈ എടുത്തു സഹായങ്ങള് ചെയ്യേണ്ടതുണ്ട്. മാരകരോഗം ബാധിച്ച അവശ ജനവിഭാഗങ്ങൾക്ക് സൗജന്യമരുന്നും ചികിത്സയും ലഭ്യമാക്കണം. കുടുംബങ്ങളിൽ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്നതിന് കുടുംബശ്രീ അംഗങ്ങൾക്ക് കൂടുതല് തൊഴിലവരസങ്ങൾ ഉറപ്പാക്കണം. വയോജനങ്ങൾക്ക് മാനസികമായ സന്തോഷവും ശാരീരികമായ പരിചരണവും കിട്ടുന്ന രീതിയിലുള്ള ക്ഷേമ പ്രവർത്തനങ്ങള് നടത്തണം. കൂടെ ഭിന്ന ശേഷി വിഭാഗക്കാർക്ക് കൂടുതല് അവസരങ്ങൾ ലഭിക്കുന്ന രീതിയില് പദ്ധതികള് ആവിഷ്കരിക്കുകയും അവരുടെ മാനസിക ഉല്ലാസത്തിന് ഉതകുന്ന രീതിയിൽ ഭിന്നശേഷി കലോൽസവം കായികമേള എന്നിവ നടത്തണം.

എല്ലാ വികസനപ്രവർത്തനങ്ങൾക്കും പലപ്പോഴും വിഘാതം സൃഷ്ടിക്കുന്നത് ആവശ്യമായ സാമ്പത്തി പിന്തുണ ലഭിക്കാത്തതാണ്. അത് പരിഹരിക്കണമെങ്കിൽ തനതുവരുമാനം വർദ്ധിപ്പിച്ചേ മതിയാകൂ. തനത് വരുമാനം വർദ്ധിപ്പിക്കുകയും വിഭാവനം ചെയ്യുന്ന രീതിയില് പദ്ധതി പൂർത്തീകരിക്കുകയും ചെയ്താല് പഞ്ചായത്തിന്റെ മുഖച്ഛായ മാറും. അത് വീണ്ടും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കും.

2024-25 ബജറ്റില് മുൻബാക്കി ഉൾപ്പടെ 194213000/- വരവും 29605180/- രൂപ ചെലവും 14991456/- രൂപ മിച്ചവും പ്രതീക്ഷിക്കുന്നു. അടുത്ത സാമ്പത്തികവർഷം ഒഴൂർഗ്രാമപഞ്ചായത്ത് മുൻഗണന കൊടുക്കാനുദ്ദേശിക്കുന്ന പദ്ധതികളും ക്ഷേമ പ്രവർത്തനങ്ങളും താഴെ കൊടുക്കുന്നു.

ആരോഗ്യമേഖല

മെച്ചപ്പെട്ട സംവിധാനങ്ങളുള്ള ഒരു ആരോഗ്യ പരിരക്ഷാ സംവിധാനങ്ങൾ ഇന്ന് നമ്മുടെ പഞ്ചായത്തിനുണ്ട്. എങ്കിലും പരിപൂർണ്ണമായ രീതിയിൽ രോഗ പ്രതിരോധങ്ങൾക്കുതകുന്ന ആരോഗ്യ രക്ഷാ സംവിധാനങ്ങൾ നമുക്ക് ഒരുക്കേണ്ടതായിട്ടുണ്ട്. പകർച്ചവ്യാധ രോഗങ്ങൾക്കെതിരെയും , പാരമ്പര്യ രോഗങ്ങൾക്കെതിരെയും പ്രവർത്തനങ്ങൾ ഒരുക്കുന്നതിനൊപ്പം രോഗ പ്രതിരോധ കുത്തിവെയ്പ്പുകൾ 100% എന്ന ലക്ഷ്യത്തിലേക്ക് നാം എത്തണം. കിടപ്പിലായവർക്ക് സഹായങ്ങൾ എത്തിക്കുക എന്നത് നമ്മുടെ കടമയാണ്. അതിനായി നമ്മുടെ പഞ്ചായത്തിൽ പ്രവർക്കുന്ന പാലിയേറ്റീവ് കെയറുകൾക്ക് കൂടുതൽ പ്രോത്സാഹനവും സഹായവും നൽകേണ്ടതായിട്ടുണ്ട്. പാലിയേറ്റീവുകൾക്ക് മരുന്നുകൾ ഉൾപ്പടെയുള്ള സാധനങ്ങൾ വാങ്ങി നൽകുന്നതിനും പഞ്ചായത്ത് പ്രത്യേക ശ്രദ്ധ നൽകേണ്ടതായിട്ടുണ്ട്. ഇത്തരത്തിൽ ആരോഗ്യ മേഖല ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തിൽ ഈ ബജറ്റിൽ 5465000/- രൂപ വകയിരുത്തുന്നു.

വിദ്യഭ്യാസ മേഖല

കുട്ടികളിൽ പ്രൈമറി ഘട്ടത്തിൽതന്നെ അടിസ്ഥാന ആശയങ്ങൾ ഉറക്കുന്ന രീതിയിൽ ഉള്ള പരിശീലനം ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള 2 ഗവൺമെന്റ് എൽ.പി സ്കൂളും ഒരു ഗവൺമെന്റ് യു.പി സ്കൂളും ഉൾപ്പെടെ എല്ലാ പ്രൈമറി വിദ്യാലയങ്ങളിലും പ്രത്യേക പദ്ധതിയായി നടപ്പിലാക്കേണ്ടതുണ്ട്. സമഗ്ര വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി ബജറ്റിൽ 1849750/- രൂപ വകയിരുത്തുന്നു.

പാർപ്പിട മേഖല

ഭവനരഹിതരില്ലാത്ത പഞ്ചായത്ത് എന്ന ലക്ഷ്യത്തിലേയ്ക്ക് അതിവേഗം എത്തിച്ചേരുന്നതിനാവശ്യമായ തുക വകയിരുത്തുകയും, തകർന്നവീടുകൾക്കാവശ്യമായ അറ്റകുറ്റപണികൾ നടത്തുന്നതിനും നടപ്പുവർഷം 20133250/- രൂപ ബജറ്റിൽ വകയിരുത്തുന്നു.

പശ്ചാത്തല മേഖല

പഞ്ചായത്തിലെ റോഡുകൾ മുഴുവൻ കോൺക്രീറ്റ് ചെയ്യുകയോ ടാറിങ്ങിലൂടെയോ പൂർണ്ണ ഗതാഗതയോഗ്യമാക്കേണ്ടതുണ്ട്. കുറേയധികം പ്രവൃത്തികൾ കഴിഞ്ഞ വർഷങ്ങളിൽ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പരിമിതമായ പഞ്ചായത്ത് വിഭവശേഷി പശ്ചാത്തലവികനസത്തെ സാരമായി ബാധിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ എം.എൽ.എ ഫണ്ടുകളും എം.പി ഫണ്ടുകളും വികസന പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്താൻ സഹായിച്ചിട്ടുണ്ട് എന്നതാണ് വസ്തുത. പശ്ചാത്തല വികസനത്തിനായി പഞ്ചായത്ത് ഈ വർഷം 47050580/- രൂപ വകയിരുത്തുന്നു.

കാർഷിക മേഖല

കാർഷിക മേഖല ഒഴൂർ ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്ന മേഖലയായതുകൊണ്ടുതന്നെ കഴിഞ്ഞ 2 വർഷങ്ങളിലും നെൽകൃഷി, വെറ്റിലകൃഷി, കുരുമുളക് കൃഷി എന്നിവയിലും, അടുക്കള കൃഷിയിലും ബജറ്റിൽ പ്രത്യേക ശ്രദ്ധ കൊടുത്തിരുന്നു. ഈ വർഷവും മേൽപറഞ്ഞ കൃഷികളെ പ്രോത്സാഹിപ്പിക്കാനുതകുന്ന രീതിയിൽ പദ്ധതികൾ ആവിഷ്ക്കരിക്കുകയും അതിനായി ബജറ്റിൽ 1870000/- രൂപ വകയിരുത്തുകയും ചെയ്യുന്നു.

മൃഗസംരക്ഷണം

കാർഷിക മേഖലക്കൊപ്പം ക്ഷീര കർഷക മേഖലയ്ക്കും വളരെയധികം പ്രാധാന്യമുണ്ട്. പ്രത്യേകിച്ച് ഒരു സ്വയം തൊഴിൽ മേഖലയാണ് ക്ഷീരകാർഷിക മേഖല. ഈ മേഖലക്കായി ബജറ്റിൽ 32790000/- രൂപ നീക്കിവെക്കുന്നു.

വയോജന ക്ഷേമം

വാർദ്ധക്യകാലത്ത് മാനസികമായും ശാരീരികമായും പ്രയാസങ്ങൾ അനുഭവിക്കുന്ന വയോജനങ്ങളുടെ സംരംക്ഷണം എന്നത് പഞ്ചായത്തിന്റെ കടമയാണ്. ഈ വർഷത്തെ ബജറ്റിൽ 500000/- രൂപ നീക്കിവെക്കുന്നു.

പട്ടികജാതി ക്ഷേമം

ദുർബലജനവിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ട് പട്ടികജാതി വികസനത്തിനുള്ള ക്ഷേമപ്രവർത്തനങ്ങൾ കുറേയധികം നടപ്പിലാക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. നിരന്തര ശ്രദ്ധ പതിപ്പിക്കേണ്ട പ്രധാന മേഖല എന്ന രീതിയിൽ പട്ടികജാതി വികസനത്തിനായി 2611000/- രൂപ നീക്കിവെക്കുന്നു.

ശുചിത്വ മേഖല ,ഹരിത കേരളം

ഹരിതകേരളം പദ്ധതിയിലും ശുചിത്വമേഖലയിലും വളരെയധികം മുന്നോട്ടുപോകാൻ നമ്മുടെ പഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്. സാംക്രമിക രോഗങ്ങളുടെ വ്യാപനം തടയുന്നതിൽ ശുചിത്വത്തിനു വളരെയധികം പ്രാധാന്യമുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ ഇത്തരത്തിൽ വളരെയധികം എടുത്തുപറയേണ്ടതാണ്. ശുചീകരണ പ്രവർത്തനങ്ങൾ ഇടതടവില്ലാതെ നടക്കേണ്ടതുണ്ട്. ഈ മേഖലക്കായി ബജറ്റിൽ 4379100/- രൂപ നീക്കിവെക്കുന്നു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

നമ്മുടെ നാട്ടിലെ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ വിപ്ലവകരമായ മാറ്റത്തിനാണ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി തുടക്കം കുറിച്ചത്. നമ്മുടെ പഞ്ചായത്തിലും സാധാരണക്കാരുടെ ജീവിത നിലവാരം ഉയരാൻ ഈ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്ത് വിഭാവനം ചെയ്ത രീതിയിൽ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാനും കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്ത് വിഭാവനം ചെയ്ത രീതിയിൽ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനും കഴിഞ്ഞിട്ടുണ്ട്. നടപ്പുവർഷത്തേക്ക് 19000000/- രൂപ തൊഴിലുറപ്പു പദ്ധതികൾക്കായി നീക്കിവെക്കുന്നു.

സാമൂഹ്യ നീതി ഉറപ്പാക്കൽ

.അങ്കണവാടികൾ കേന്ദ്രീകരിച്ച് സ്ത്രീകളുടേയും കുട്ടികളുടേയും കൗമാരക്കാരായ പെൺകുട്ടികളുടേയും ക്ഷേമത്തിനായി വിവിധ പദ്ധതികൾ കഴിഞ്ഞവർഷങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. സാമൂഹ്യനീതി പദ്ധതികൾക്കായി ഈ വർഷം ബജറ്റിൽ 8065000/- രൂപ നീക്കിവെക്കുന്നു.

സ്പോർട്സ്, യുവജനക്ഷേമം

പഞ്ചായത്തിന് കളിസ്ഥലം എന്ന ആവശ്യത്തിന് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ സഹായത്തോടെ വരു വർഷമെങ്കിലും ആ സ്വപ്നം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സ്പോർട്സ്, യുവജനക്ഷേമത്തിനായി 250000/- രൂപ നീക്കിവെക്കുന്നു.

വ്യവസായം

പഞ്ചായത്തിന്റെ വ്യാവസായിക പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി പുതിയ വ്യാവസായിക സംരംഭങ്ങൾ ആരംഭിക്കേണ്ടതും നിലവിലുള്ളവയ്ക്ക് കൂടുതൽ സഹായങ്ങൾ നൽകേണ്ടതുമുണ്ട്. ഇതിനായി 300000/- രൂപ നീക്കി വെക്കുന്നു.

ഊർജ്ജം

വൈദ്യുത ചാർജ്ജ് എന്നതും അനുദിനം വർദ്ധിക്കുന്ന ചെലവായതിനാൽ വൈദ്യുതി വിളക്കുകൾക്കു പകരം സോളാർ വിളക്കുകൾ സ്ഥാപിക്കുന്ന പ്രവർത്തി കൂടുതൽ വിപുലമാക്കേണ്ടതുണ്ട്. അതിനായി 830040/- രൂപ നീക്കിവെക്കുന്നു.

കലാ സാംസ്കാരികം

ഓരോ നാടിനും അതിന്റേതായ തനിമയും പാരമ്പര്യവും ഉണ്ട്. നമ്മുടെ നാട്ടിൽ ഇന്ന് അന്യം നിന്നു പോകുന്ന നാടൻ കലകളേയും സംസ്കാരത്തേയും മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനായി കേരളോൽസവം പോലുള്ള കലാ-കായിക മേളകൾ ഒന്നുകൂടി വിപുലപ്പെടുത്തണം. കലാ സാസ്കാരിക മേഖലയ്ക്കായി 200000/- രൂപ നീക്കിവെക്കുന്നു.

കുടുംബശ്രീ

കേരളീയ ഗ്രാമങ്ങളിലെ ദാരിദ്ര്യം തുടച്ചുനീക്കുന്നതിനും സ്ത്രീകളിൽ സാമ്പത്തിക സ്വയം പര്യാപ്ത ഉണ്ടാക്കുന്നതിലും കുടുംബശ്രീ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. കുടുംബശ്രീ പ്രവർത്തനങ്ങൾക്കായി നടപ്പുവർഷം 500000/- രൂപ നീക്കിവെക്കുന്നു.

പൊതുഭരണം

പഞ്ചായത്തിന്റെ ഭരണസംവിധാത്തിൽ ആവശ്യമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനായി കഴിഞ്ഞവർഷങ്ങളിൽ ശ്രമിക്കുകയും അത് ഫലവത്താവുകയും ചെയ്തിട്ടുണ്ട്. ആധുനിക സൗകര്യങ്ങളിലൂടെ ജനങ്ങൾക്ക് കൂടുതൽ ഉപകാരപ്രദമായ രീതിയിൽ ഓഫീസ് ഉൾപ്പടെ നവീകരിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 1205480/- രൂപയും ശമ്പള സേവന ആനുകൂല്യങ്ങൾക്കായി 23353000/- രൂപയും നീക്കിവെക്കുന്നു. സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് ഭൂമി വാങ്ങുന്നതിനായി 100000/- രൂപ നീക്കിവെക്കുന്നു. പൊതുശ്മശാനത്തിനായി 100000/- രൂപയും മറ്റ് ഓഫീസ് ആവശ്യങ്ങൾക്കായി 500000/- രൂപയും ഐ കെ എം വിഹിതമായി 90000/- രൂപയും നീക്കിവെക്കുന്നു.

ബജറ്റ് സംഗ്രഹം

താരതമ്യേന വിഭവശേഷി കുറഞ്ഞ ഒരു പഞ്ചായത്ത് എന്ന രീതിയിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയുണ്ടെങ്കിലും വികസനത്തിന്റെ പുതിയ ചക്രവാളങ്ങളിലേക്ക് നമ്മുടെ പഞ്ചായത്തിനെ എത്തിക്കേണ്ടതുണ്ട്; അതിനുള്ള പരമാവധി നടപടികൾ ഈ ബജറ്റിൽ അവതരിപ്പിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ നമ്മുടെ പദ്ധതികൾ പൂർത്തിയാക്കാൻ കഴിഞ്ഞാൽ അത് നമ്മുടെ നാടിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് അത് കരുത്തുപകരം. അടിച്ചമർത്തപ്പെടുന്നവർക്കുവേണ്ടി ദുർബല ജനവിഭാഗങ്ങൾക്കുവേണ്ടി പടപൊരുതിയ മാർട്ടിൻ ലൂഥർ കിംഗ് ജൂനിയർ പറഞ്ഞതുപോലെ

"നിങ്ങൾക്കു പറക്കാൻ കഴിയില്ലെങ്കിൽ ഓടുക
ഓടാൻ കഴിയില്ലെങ്കിൽ നടക്കുക
നടക്കാൻ കഴിയില്ലെങ്കിൽ ഇഴയുക
പക്ഷെ ചെയ്യുന്നത് എന്ത് തന്നെയായാലും
മുൻപോട്ടുതന്നെ നീങ്ങുക"

നമുക്കു മുൻപോട്ടു പോകണം. പ്രതിബന്ധങ്ങളെ വകഞ്ഞുമാറ്റി ഒഴൂർ ഗ്രാമപഞ്ചായത്തിൽ വികസന വിപ്ലവം തീർക്കണം. അതിന് ഈ നാട് ഒരുമിച്ച് നിൽക്കണം; അതിനായി ഭിന്നതകളുടെ നേരിയ അതിർവർമ്പുകൾപോലും മാറ്റിവെച്ച് നാളത്തെ തലമുറക്കായി മികച്ച ഗ്രാമപഞ്ചായത്തായി നമുക്കീ പഞ്ചായത്തിനെ മാറ്റിയെടുക്കാം.

BUDGET STATEMENT

OZHUR Grama Panchayat

Budget for the Year 2024-25

	PARTICULARS		Actuals for the year 2022-23 (2022-23ലെ കണക്ക്)	Budget for the year 2023-24 including all revisions (2023-24ലെ പരിഷ്കരിച്ച ബജറ്റ്)	Budget for the year 2024-25 (2024-25 ലെ ബജറ്റ്)
A	Opening balance(net)	ws-1	12,953,784.00	20,565,767.00	15,605,219.00
B	a) Tax revenue-നികുതി വരുമാനം	BS-1	4,681,393.00	5,796,699.00	8,000,000.00
C	b) Non tax revenue-നികുതിയിതര വരുമാനം	BS-2	1,669,689.00	3,925,000.00	7,600,000.00
D	**Total Own Fund-ആകെ തനത് ഫണ്ട്**	(B+C)	6,351,082.00	9,721,699.00	15,600,000.00
E	c) General Purpose Fund-ജനറൽ പർപ്പസ് ഫണ്ട്	BS-3	17,027,000.00	20,847,000.00	23,657,000.00
F	**Total - ആകെ**	(D+E)	23,378,082.00	30,568,699.00	39,257,000.00
G	d) Other Grants(Plan)-മറ്റ് റവന്യു ഗ്രാന്റുകള്-പദ്ധതി ചെലവുകൾക്ക്	BS-4	62,821,410.00	68,881,890.00	86,824,180.00
H	e) Other Grants(Non-Plan)-മറ്റ് റവന്യു ഗ്രാന്റുകള്-പദ്ധതിയേതര ചെലവുകൾക്ക്	BS-5	48,992,120.00	50,351,700.00	55,000,000.00
I	**Toal Revenue Income - ആകെ റവന്യു വരവുകൾ**	(F+G+H)	135,191,612.00	149,802,289.00	181,081,180.00
J	Capital Income - Loans -മൂലധന വരവ്-വായ്പ വാങ്ങൽ	BS-6	-	1,000,000.00	2,000,000.00
K	ner than loans - വായ്പ ഒഴികെ മൂലധന വരവുകൾ	BS-7	6,851,156.00	7,185,968.00	11,131,820.00
L	**Total Capital Income-ആകെ മൂലധന വരവുകൾ**	(J+K)	6,851,156.00	8,185,968.00	13,131,820.00
M	**Total Income - ആകെ വരവുകൾ**	(I+L)	142,042,768.00	157,988,257.00	194,213,000.00
N	**Total Income+Net opening balance - ആകെ വരവുകളും പ്രാരംഭ ബാക്കിയും**	(M+A)	154,996,552.00	178,554,024.00	209,818,219.00

BUDGET STATEMENT

OZHUR Grama Panchayat

Budget for the Year 2024-25

	PARTICULARS		Actuals for the year 2022-23 (2022-23ലെ കണക്ക്)	Budget for the year 2023-24 including all revisions (2023-24ലെ പരിഷ്കരിച്ച ബജറ്റ്)	Budget for the year 2024-25 (2024-25 ലെ ബജറ്റ്)
O	Revenue Expenditure-Statutory functions - റവന്യൂ ചെലവുകള് -അനിവാര്യ ചുമതലകൾക്ക്	BS-8	12,505,513.00	20,445,000.00	23,353,000.00
P	Revenue Expenditure-Plan - റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതി ചെലവുകൾ	BS-9	62,821,410.00	69,337,874.00	86,868,583.00
Q	Revenue Expenditure-Non-Plan- റവന്യൂ ഗ്രാന്റിൽ നിന്നുള്ള പദ്ധതിയേതര ചെലവുകൾ	BS-10	48,992,120.00	50,351,700.00	55,000,000.00
R	**Total Revenue Expenditure - ആകെ റവന്യൂ ചെലവുകൾ**	(O+P+Q)	124,319,043.00	140,134,574.00	165,221,583.00
S	Capital Expenditure -Loan repayments - മൂലധന ചെലവുകള് -വായ്പ തിരിച്ചടവ്	BS-11	3,260,586.00	15,000,000.00	18,000,000.00
T	Capital expenditure other than loan repayments - മറ്റ് മൂലധന ചെലവുകൾ	BS-12	6,851,156.00	7,814,231.00	11,605,180.00
U	**Total Capital Expenditure - ആകെ മൂലധന ചെലവുകൾ ചെലവുകൾ**	(S+T)	10,111,742.00	22,814,231.00	29,605,180.00
V	**Total Expenditure - ആകെ ചെലവുകൾ**	(R+U)	134,430,785.00	162,948,805.00	194,826,763.00
W	**Closing Balance - നീക്കി ബാക്കി**	(N-V)	20,565,767.00	15,605,219.00	14,991,456.00

OZHUR Grama Panchayat : Budget For The Financial Year 2024-25

BS-1-REVENUE INCOME-TAXES- (നികുതി വരവുകൾ)

DETAILED HEAD CODE	PARTICULARS (ഇനവിവരം)	Actuals for the year 2022-23 (2022-23ലെ കണക്ക്)	Budget for the year 2023-24 including all revisions (2023-24ലെ പരിഷ്കരിച്ച ബജറ്റ്)	Budget for the year 2024-25 (2024-25 ലെ ബജറ്റ്)
110 10 01	Property Tax-വസ്തു നികുതി	3692753	4596699	6000000
110 20 01	Profession Tax-തൊഴിൽ നികുതി	988640	1200000	2000000
110	**Total-Tax Revenue-ആകെ നികുതി വരവ്**	**4681393**	**5796699**	**8000000**
BS-2- -REVENUE INCOME-NON-TAX- (നികുതിയിതര വരവുകൾ)				
130	**Rental Income from Panchayat Properties**			
130	**Total-Rental Income from Panchayat Properties**	**0**	**0**	**0**
140	**Fees & User Charges**			
140 10 01	Empanelment & Registration Charges / Fees-രജിസ്ട്രേഷൻ ചാർജ്/ഫീസ്		60000	80000
140 11 01	Licence Fees-ലൈസൻസ് ഫീസ്	120360	150000	300000
140 12 01	Fee for Grant of Permit-പെർമിറ്റ് ഫീസ്	369229	2000000	5000000
140 13 01	Fees for Certificate or Extract -സർടിഫിക്കറ്റ്/എക്സ്ട്രാക്റ്റ് ഫീ	30453	40000	70000
140 20 01	Penalties and Fines-ഫൈൻ	131286	250000	300000
140 40 01	Miscellaneous Fees-മറ്റ് ഫീസുകൾ	45130	300000	450000
140	**Total-Fees & User Charges-**	**696458**	**2800000**	**6200000**

150	**Sale & Hire Charges**			
150 10 01	Sale of Products-ഉൽപ്പന്നങ്ങളുടെ വില	150500	100000	150000
150 11 01	Sale of Forms-ഫാറം വില	347374	50000	100000
150 12 01	Sale of stores & Scrap-ഉപയോഗശൂന്യമായ വസ്തുക്കളുടെ വിൽപ്പന		75000	100000
150	**Total-Sale & Hire Charges**	**497874**	**225000**	**350000**
151	**Receipts from Transferred Institutions**			
151	**Total-Receipts from Transferred Institutions**	**0**	**0**	**0**
170	**Income from Investments**			
170 10 01	Interest from Investments -നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ	248691	300000	500000
170	**Total-Income from Investments**	**248691**	**300000**	**500000**
171	**Interest Earned**			
171 10 01	Interest from Bank Accounts -ബാങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ	224306	300000	350000
171	**Total-Interest Earned**	**224306**	**300000**	**350000**
180	**Other Income**			
180 10 01	Deposits Forfeited -നിക്ഷേപങ്ങൾ കണ്ടുകെട്ടിയത്		200000	
180 40 01	Recovery from Employees -ജീവനക്കാറിൽ നിന്നുള്ള റിക്കവറികൾ	2330	50000	100000
180 80 01	Miscellaneous Income	30	50000	100000
180	**Total-Other Income-മറ്റ് വരവുകൾ -ആകെ**	**2360**	**300000**	**200000**
	Total-Non tax revenue -ആകെ നികുതിയിതര വരവുകൾ	**1669689**	**3925000**	**7600000**

BS-3 - GENERAL PURPOSE FUND ജനറൽ പർപ്പസ് ഫണ്ട്				
	General Purpose Fund - ജനറൽ പർപ്പസ് ഫണ്ട്	17027000	20847000	23657000
	Total-General purpose fund -ജനറൽ പർപ്പസ് ഫണ്ട്	**17027000**	**20847000**	**23657000**
BS-4 -REVENUE INCOME-PLAN GRANTS **(പദ്ധതി ചെലവുകൾക്കു വേണ്ടിയുള്ള ഗ്രാന്റ്/ഫണ്ട്/വിഹിതം - റവന്യൂ വരവുകൾ)**				
311	**Revenue Grants, Funds, Contributions & Compensations**			
3201001	Grants, Funds & Contributions for Specific Purposes - centrally sponsored Schemes - കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് വേണ്ടിയുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും	21220251	19626231	10000000
3202001	Development Fund-വികസന ഫണ്ട്	31618341	25979400	51774180
3207002	Contributions for Joint Venture Projects (for Centrally Sponsored Scheme) - സംയോജിത പദ്ധതികൾക്കുള്ള കേന്ദ്രാവിഷ്കൃത ഫണ്ട് വിഹിതം-	3543626	14576259	25000000
3208001	Other Grants , Funds & Contributions for Specific Purposes -others- മറ്റ് പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും	6439192	8700000	50000
	Revenue Grants, Funds, Contributions & Compensations	**62821410**	**68881890**	**86824180**
BS-5-REVENUE INCOME- NON PLAN GRANTS **(പദ്ധതിയിതര ചെലവുകൾക്കു വേണ്ടിയുള്ള ഗ്രാന്റ്/ഫണ്ട്/വിഹിതം -വരവുകൾ)**				
160	**Revenue Grants, Funds, Contributions & Compensations**			

160 10 03	State Sponsored Schemes (not included under Decentralised Plan Programme)സംസ്ഥാന ആവിഷ്കൃത പരിപാടികൾക്കുള്ള വരവുകൾ	48992120	50351700	55000000
160	**Total-Revenue Grants, Funds, Contributions & Compensations**	**48992120**	**50351700**	**55000000**
BS-6 - CAPITAL INCOME- LOANS (വായ്പ ഇനത്തിലുള്ള മൂലധന വരവുകൾ സംബന്ധിച്ച ബജറ്റ്)				
330	**loans**			
330 50 02	loans - Loan from Financial Institutions -മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പ		1000000	2000000
330	**Total-loans-ആകെ വായ്പകൾ**	**0**	**1000000**	**2000000**
BS-7- CAPITAL INCOME- OTHER THAN LOANS (മൂലധന ചെലവുകൾക്ക് വേണ്ടിയുള്ള മറ്റ് വരവുകൾ)				
3202001	Development Fund-വികസന ഫണ്ട്	6851156	7185968	11081820
3208001	Other Grants , Funds & Contributions for Specific Purposes -others- മറ്റ് പ്രത്യേക ഉദ്ദേശ പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും			50000
	Total-Revenue Grants, Funds, Contributions & Compensations	**6851156**	**7185968**	**11131820**
BS-8-Revenue Expenditure-Mandatory functions (അനിവാര്യ ചുമതലകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ)				
210	**Establishment Expenses-**			
210 10 01	Salaries-ശമ്പളം	7286091	6000000	8000000
210 10 02	Wages-കൂലി	431117	300000	350000

210 10 03	Bonus-ബോണസ്	20000	20000	50000
210 20 01	Travelling Allowances-യാത്രാ ബത്ത	52884	200000	300000
210 20 02	Other Benefits and Allowances-മറ്റ് ബത്തകൾ	57970	100000	200000
210 20 03	Monthly Honorarium of Elected Representatives -ജനപ്രതിനിധികൾക്കുള്ള ഓണറെ റിയം	1893422	2000000	2000000
210 20 04	Sitting Fee of Elected Representatives -ജനപ്രതിനിധികൾക്കുള്ള സിറ്റിംഗ് ഫീ	135550	200000	250000
210 20 05	Travelling Allowance of Elected Representatives -ജനപ്രതിനിധികൾക്കുള്ള യാത്ര ബത്ത	23514	100000	200000
210 30 01	Pension Contributions -പെൻഷൻ കോൺട്രിബ്യൂഷൻ	792159	7000000	8000000
210 30 02	Leave Salary Contributions-അവധി ശമ്പളം	91596	200000	200000
210 40 01	Other Terminal & Retirement Benefits -മറ്റ് സേവന വിരാമ ആനുകൂല്യങ്ങൾ		800000	
210	**Total-Establishment Expenses -ജീവനക്കാര്യത്തിലേക്കുള്ളചെലവുകൾ -ആകെ**	**10784303**	**16920000**	**19550000**
220	**Administrative Expenses-ഭരണ ചെലവുകൾ**			
220 10 01	Rent-വാടക	65112	200000	200000
220 11 01	Office Maintenance-ഓഫീസ് ചെലവുകൾ	128885	300000	350000
220 12 01	Communication Expenses -വാർത്താവിനിമയ ചെലവുകൾ	150433	200000	300000
220 20 01	Books & Periodicals-പുസ്തകങ്ങളും ആനുകാലികങ്ങളും	4650	20000	50000

220 21 01	Printing & Stationery-അച്ചടിയും സ്റ്റേഷനറിയും	200151	200000	200000
220 40 01	Insurance and Registration - ഇന്ഷുറൻസ്/രജിസ്ട്രേഷൻ	20084	40000	50000
220 51 01	Legal Expenses -നീതി ന്യായസേവനങ്ങൾക്കുള്ള ചെലവുകൾ	15000	60000	70000
220 52 01	Professional & Other Fees -പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ചെലവുകൾ	20105	15000	20000
220 60 01	Advertisement & Publicity-പരസ്യവും പ്രചരണവും	1000	30000	35000
220 61 01	Membership & Subscriptions-മെമ്പർഷിപ്/വരിസംഖ്യ	2000	50000	50000
220 70 01	Election Expenses -തെരഞ്ഞെടുപ്പ് ചെലവുകൾ		80000	
220 71 01	Extra - ordinary Expenses -അസാധാരണ ചെലവുകൾ		100000	100000
220 80 01	Miscellaneous Administrative Expenses -മറ്റ് ഭരണ ചെലവുകൾ	261573	350000	380000
220	**Total-Administrative Expenses - ഭരണ ചെലവുകൾ -ആകെ**	**868993**	**1645000**	**1805000**
230	**Operations & Maintenance-സംരക്ഷണവും നടത്തിപ്പും**			
230 10 01	Power-വൈദ്യുതി/ഊർജം	507064	600000	700000
230 10 02	Diesel, Petrol, Gas & Lubricants- ഡീസൽ പെട്രോൾ , ഓയിൽ , ലൂബ്രിക്കന്റ്	103807	75000	80000
230 11 01	Water Charges for Drinking Water Schemes -വാട്ടർ ചാർജ്	79517	225000	250000
230 20 01	Bulk Purchases		50000	50000
230 30 01	Consumption of Stores		25000	30000
230 40 01	Hire Charges-വാടക	6000	25000	30000

230 50 01	Repairs & Maintenance - Infrastructure Assets - Buildings-സംരക്ഷണവും അറ്റകുറ്റപ്പണികളും-പൊതു കെട്ടിടങ്ങൾ	9950	20000	30000
230 50 02	Repairs & Maintenance - Infrastructure Assets - Roads-സംരക്ഷണവും അറ്റകുറ്റപ്പണികളും-റോഡുകൾ	39380	100000	100000
230 50 05	Repairs & Maintenance - Drinking Water - സംരക്ഷണവും അറ്റകുറ്റപ്പണികളും-കുടിവെള്ള പദ്ധതികൾ		25000	30000
230 50 06	Repairs & Maintenance Irrigation - സംരക്ഷണവും അറ്റകുറ്റപ്പണികളും-ജല സേചന പദ്ധതികൾ	9980		
230 50 07	Repairs & Maintenance - Electricity - സംരക്ഷണവും അറ്റകുറ്റപ്പണികളും-വൈദ്യുതി		200000	200000
230 50 08	Repairs & Maintenance - Waste Treatment - സംരക്ഷണവും അറ്റകുറ്റപ്പണികളും-മാലിന്യ നിർമാർജന പദ്ധതികൾ		100000	100000
230 50 09	Repairs & Maintenance - Movable Assets - സംരക്ഷണവും അറ്റകുറ്റപ്പണികളും-ജംഗമ ആസ്തികൾ	84278	150000	150000
230 50 99	Repairs & Maintenance -Other Fixed Assets - സംരക്ഷണവും അറ്റകുറ്റപ്പണികളും-മറ്റ് സ്ഥിര ആസ്തികൾ		5000	8000
230 80 01	Other Operating and maintenance expenses -മറ്റ് നടത്തിപ്പ്/മെയിന്റനൻസ് ചെലവുകൾ	12002	200000	210000

230	**Total-Operations & Maintenance-നടത്തിപ്പ്/മെയിന്റനൻസ് ചെലവുകൾ-ആകെ**	**851978**	**1800000**	**1968000**
240	**Interest & Finance Charges -പലിശയും അനുബന്ധ ചെലവുകളും**			
240 70 01	Bank Charges-ബാങ്ക് ചാർജ് നൽകൽ	239	20000	30000
240 80 01	Other Finance Expenses -ധനകാര്യ ഇടപാടുകൾക്കുള്ള മറ്റ് ചെലവുകൾ		60000	
240	**Total-Interest & Finance Charges -പലിശയും അനുബന്ധ ചെലവുകളും-ആകെ**	**239**	**80000**	**30000**
	TOTAL STATUTORY EXPENDITURE -അനിവാര്യ ചെലവുകൾ ആകെ	**12505513**	**20445000**	**23353000**
BS-9 - Revenue Expenditure - PLAN (പ്ലാൻ റവന്യൂ ചെലവുകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ)				
250	**Decentralised Plan Programme - Productive Sector**			
2501001	Agriculture and Related Sectors - Paddy-കൃഷിയും അനുബന്ധ മേഖലകളും -നെൽകൃഷി	1144160	200000	800000
2501003	Agricultural Development Programs -മറ്റ് കാർഷിക വികസന പരിപാടികൾ			50000
2501009	Agriculture and Related Sectors - Coconut-കൃഷിയും അനുബന്ധ മേഖലകളും-തെങ്ങ് കൃഷി	399960		0
2501011	Agriculture and Related Sectors - Vegetables-കൃഷിയും അനുബന്ധ മേഖലകളും-പച്ചക്കറി	20000	50000	20000
2501012	Agriculture and Related Sectors - Plantain-കൃഷിയും അനുബന്ധ മേഖലകളും-വാഴ	400000		0

2501013	Agriculture and Related Sectors -Tuber Crops -കൃഷിയും അനുബന്ധ മേഖലകളും-കിഴങ്ങ് വിളകൾ	312500	400000	400000
2501019	Agriculture and Related Sectors -Pepper-കൃഷിയും അനുബന്ധ മേഖലകളും-കുരുമുളക്		400000	0
2501020	Agriculture and Related Sectors -Vetal-കൃഷിയും അനുബന്ധ മേഖലകളും-വെറ്റില	600000	800000	600000
2501031	Animal Husbandry -Cow-മൃഗ സംരക്ഷണം-പശു വളർത്തൽ		1400000	1435000
2501032	Animal Husbandry -Goat-മൃഗ സംരക്ഷണം-ആട് വളർത്തൽ	528000		0
2501035	Animal Husbandry -Poultry- മൃഗ സംരക്ഷണം-മുട്ട കോഴി/താറാവ് വളർത്തൽ	536400	932900	400000
2501039	Animal Husbandry -Infrastructure-മൃഗസംരക്ഷണം-പശ്ചാത്തല സൌകര്യങ്ങൾ	229101		0
2501040	Animal Husbandry -Disease Control -മൃഗ സംരക്ഷണം-രോഗ നിയന്ത്രണം		726000	600000
2501041	Animal Husbandry -Related Facility -മൃഗ സംരക്ഷണം-അനുബന്ധ സൌകര്യങ്ങൾ		718399	300000
2501045	Dairy Development -Fodder Grass -ക്ഷീര വികസനം-തീറ്റപ്പുൽ കൃഷി	267840		0
2501046	Dairy Development -Storage and Marketing -ക്ഷീര വികസനം-സംഭരണവും വിപണനവും		75000	200000
2501049	FreshWater -Pisciculture-ശുദ്ധജല മത്സ്യ കൃഷി	40000		344000
2501061	Fisheries Infrastructure -മത്സ്യകൃഷി-പശ്ചാത്തല സൌകര്യങ്ങൾ		340000	0

2502006	Water Conservation-ജല സംരക്ഷണം	699612	424000	950040
2503001	Small scale industries and Micro enterprises -ചെറുകിട വ്യവസായങ്ങളും സൂക്ഷ്മ സംരംഭങ്ങളും		260000	300000
2504001	Environment Conservation -പ്രകൃതി സംരക്ഷണം		50000	0
2505005	Biogas Plant-ബയോഗ്യാസ് പ്ലാന്റ്	240000		0
250	**Total-Decentralised Plan Programme - Productive Sector-ഉത്പാദന മേഖല ആകെ**	**5417573**	**6776299**	**6399040**
251	**Decentralised Plan Programme - Service Sector - സേവന മേഖല**			
2510115	Literacy Equivalance Examination -സാക്ഷരത - തുല്യതാ പരീക്ഷ	15750	17500	16800
2511002	Primary Education-പ്രൈമറി വിദ്യാഭ്യാസം		1116369	1150000
2511006	SSA & Other Educational Programs -സർവ ശിക്ഷ അഭിയാനും മറ്റ് വിദ്യാഭ്യാസ പരിപാടികളും	630000	630000	699750
2511007	Sports-സ്പോർട്സ്		25000	100000
2511008	Youth Welfare-യുവജനക്ഷേമം			150000
2511010	Arts and Culture-കല-സംസ്കാരം			200000
2511014	Financial Assistance for SC /ST Students For Higher Education Admission -പട്ടിക ജാതി പട്ടിക വർഗ വിദ്യാർഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനു ധന സഹായം	362219		0
2511016	Reading Rooms ,Libraries - Periodicals-വായന ശാലകളും റീഡിംഗ് റൂമുകളും-ആനുകാലികങ്ങൾ		50000	0

2511019	Arts,Culture,Sports and Youth Welfare -Promotion-കല-സംസ്കാരം-സ്പോട്സ്-യുവജന ക്ഷേമം-പ്രോത്സാഹന പരിപാടികൾ	108601	156000	0
2512001	PHC, CHC &Other Hospitals /Dispensaries-ഹെൽത്ത് സെന്ററുകൾ/ആസ്പത്രികൾ/ഡിസ്പന്സറികൾ	2103180	1115000	2100000
2512002	Public Health Programs -പൊതു ആരോഗ്യ പരിപാടികൾ		26000	0
2512003	Health related Special Programs -പ്രത്യേക ആരോഗ്യ പരിപാടി	805126	5328813	600000
2512004	Medicines-മരുന്നുകൾ		50000	0
2512005	Hospital Waste Management -ആസ്പത്രി മാലിന്യ പരിപാലനം	29362	40000	50000
2512008	Drinking Water-കുടിവെള്ളം	2336951	1312001	1000000
2512011	Community Health Sub centers -കമ്മ്യുണിറ്റി ഹെൽത്ത് സബ് സെന്റർ		600000	1995000
2512014	Ayurveda Dispensary -ആയുർവേദ ഡിസ്പന്സറി	678000	1000000	1000000
2512018	Homeo Dispensary -ഹോമിയോ ഡിസ്പന്സറി	200000	200000	200000
2512025	Drinking Water - Public-പൊതു കുടിവെള്ള വിതരണം	1507014	900000	0
2512026	Sanitation & Waste Management - Public-പൊതു ശുചിത്വം-മാലിന്യ പരിപാലനം	2627543	5244847	4379100
2512027	Crematorium- ശ്മശാനങ്ങൾ			100000
2513001	Housing-ഭവന നിർമാണം	12208543	19585500	29000000
2513005	Programs for the Aged -വൃദ്ധക്ഷേമ പരിപാടികൾ			500000

2513006	Programs for Physically / Mentally Challenged -ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പരിപാടികൾ	2464630	2527900	3395000
2513007	Welfare Programs for the Destitute -അഗതി ക്ഷേമ പരിപാടികൾ		1357513	1257513
2513008	Total Poverty Alleviation Programs -ദാരിദ്ര്യ ലഘൂകരണ പരിപാടികൾ	16970244	2373200	3950000
2513009	Women's Welfare Programs -വനിതാ ക്ഷേമ പരിപാടി			500000
2513010	Special Programs for Scheduled Castes -പട്ടിക ജാതി ക്ഷേമ ത്തിനുള്ള പ്രത്യേക പരിപാടികൾ		1201281	2611000
2513012	Other Social Security Programs -മറ്റ് സാമൂഹ്യ സുരക്ഷിതത്വ പരിപാടികൾ		100000	0
2514001	Development Programs for Women and Children -വനിതാ ശിശു ക്ഷേമ പരിപാടികൾ	384350	31703	250000
2514002	Special Child Welfare Program -പ്രത്യേക ശിശുക്ഷേമ പരിപാടികൾ		190000	15000
2514101	Anganwadi Nutrition -അംഗൻവാടി പോഷകാഹാര പരി പാടി	3478779	6500000	6500000
2514201	Anganwadi Infrastructure -അംഗൻവാടി പശ്ചാത്തല സൌകര്യങ്ങൾ	218450	657965	1300000
2514202	Anganwadi Related Services -അംഗൻവാടി അനുബന്ധ സൌകര്യങ്ങൾ	1226400	670000	0
2516005	General Economic Services - Plan Formulation , Monitoring and Evaluation -പദ്ധതി രൂപീകരണം ,മോണിറ്ററിംഗ്	118465	175000	150000
2516006	General Economic Services - Good Governance -സൽ ഭരണം		178618	300000

2516301	Electricity Line Extension -വൈദ്യുത ലൈൻ നീട്ടൽ	350882		0
2516501	Local Government Service Delivery Improvement	401348	339709	2205480
2516502	Transferred Institution Service Delivery Improvement-ഘടക സ്ഥാപനങ്ങളിൽ നിന്നുള്ള സേവന സൌകര്യങ്ങൾ വർധിപ്പിക്കൽ	6134	30000	0
251	**Total-Decentralised Plan Programme - Service Sector**	**49231971**	**53729919**	**65674643**
252	**Decentralised Plan Programme - Infrastructure Sector**			
2521001	Energy - Electrification of Street Lights -തെരുവ് വിളക്കുകളുടെ വൈദ്യുതീകരണം		660828	0
2521002	Energy - Other Electrification Programs -മറ്റ് വൈദ്യുതീകരണ പ്രവർത്തനങ്ങൾ		200000	0
2521003	Non-conventional Energy -പാരമ്പര്യേതര ഊർജ സ്രോതസ്സുകൾ			2859500
2522001	Roads-റോഡുകൾ	6463351	6339828	7200000
2522012	Other Programs in Infrastructure Sector -പശ്ചാത്തല മേഖലയിലെ മറ്റ് പ്രവർത്തനങ്ങൾ		911000	1495400
2523001	Public Buildings- പൊതു കെട്ടിടങ്ങൾ			200000
2523002	Public Buildings - Other Buildings -പൊതു കെട്ടിടങ്ങൾ-മറ്റ് കെട്ടിടങ്ങൾ	1637787	500000	600000
2523102	Other Constructions - Side Walls -മറ്റ് നിർമിതികൾ-പാർശ്വ ഭിത്തി			500000
252	**Total-Decentralised Plan Programme - Infrastructure Sector**	**8101138**	**8611656**	**12854900**
253	**Projects not included in Sector Division**			

2531012	Payments to IKM -ഐ.കെ.എംനുള്ള പണം നൽകൽ	70728	100000	90000
253	**Total-Projects not included in Sector Division**	**70728**	**100000**	**90000**
255	**Maintenance Projects**			
255 10 01	Maintenance Projects - Road Assets -റോഡ് ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ			500000
255 20 05	Maintenance Projects - Non Road Assets- Transferred Institutions - Social Welfare -റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ സാമൂഹ്യ ക്ഷേമം			100000
255 20 06	Maintenance Projects - Non Road Assets- Transferred Institutions -Allopathy (Hospitals/Dispensaries) റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ - ആശുപത്രി/ഡിസ്പന്സറി -അലോപ്പതി		120000	100000
255 20 07	Maintenance Projects - Non Road Assets- Transferred Institutions - Ayurveda (Hospitals/Dispensaries) - റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ - ആശുപത്രി-ആയുർവേദം			100000
255 20 08	Maintenance Projects - Non Road Assets- Transferred Institutions - Homeopathy (Hospitals/Dispensaries) - റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ - ആശുപത്രി-ഹോമിയോപ്പതി			100000

255 20 11	Maintenance Projects - Non Road Assets- Transferred Institutions - General Education -റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ -പൊതു വിദ്യാഭ്യാസം			950000
255	Total-Maintenance Projects -മെയിന്റനൻസ് പ്രോജക്ടുകൾ-ആകെ	0	120000	1850000
256	Other Revenue Grants and funds - Revenue Expenses-മറ്റ് റവന്യൂ ഗ്രാന്റുകളും ഫണ്ടുകളും			
256	**Other Revenue Grants and funds - Revenue Expenses-Total-മറ്റ് റവന്യൂ ഗ്രാന്റുകളും ഫണ്ടുകളും -ആകെ**	**0**	**0**	**0**
260	**Grants, Contributions and Compensations from Own Fund**			
260	**Grants, Contributions and Compensations from Own Fund-total**	**0**	**0**	**0**
	Total-Revenue Expenditure -PLAN-പ്ലാൻ റവന്യൂ ചെലവുകൾ ആകെ	**62821410**	**69337874**	**86868583**
BS-10- Revenue Expenditure-B FUND & STATE SPONSORED SCHEMES (നോൺ-പ്ലാൻ റവന്യൂ ചെലവുകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ)				
254	**Expenditures of Transferred Institutions (not included under Decentralised Plan Programme)**			
254 20 01	State Sponsored Schemes (not included under Decentralised Plan Programme)-സംസ്ഥാന ആവിഷ്കൃത പദ്ധതികൾക്കുള്ള നോൺ പ്ലാൻ ചെലവുകൾ	48992120	50351700	55000000
254	**Total-Expenditures of Transferred Institutions (not included under Decentralised Plan Programme)**	**48992120**	**50351700**	**55000000**

BS-11CAPITAL EXPENDITURE - LOAN REPAYMENTS (വായ്പ തിരിച്ചടവിനു വേണ്ടിയുള്ള വകയിരുത്തലുകൾ)				
330	**Loans**			
330 50 02	loans - Loan from Financial Institutions -മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പ	3260586	15000000	18000000
	Total-loans - ആകെ വായ്പ തിരിച്ചടവ്	**3260586**	**15000000**	**18000000**
BS-12- CAPITAL EXPENDITURE - OTHER THAN LOAN REPAYMENTS (മൂലധന ചെലവുകൾക്ക് വേണ്ടിയുള്ള വകയിരുത്തലുകൾ)				
410 10 01	Land (ഭൂമി)			1000000
410 20 01	Buildings (പൊതു കെട്ടിടങ്ങൾ)			1000000
410 30 01	Roads (റോഡുകൾ)	6851156	7814231	9555180
410 71 01	Movable Assets (ജംഗമ സ്വത്തുകൾ)			50000
TOTAL CAPITAL EXPENDITURE - ആകെ മൂലധന ചെലവുകൾ		6851156	7814231	11605180
BS-13 - RECEIPT AND REFUND OF DEPOSIT (ഡപോസിറ്റ് വരവും, മടക്കി നൽകലും)				
3401099	Other Deposits-മറ്റ് നിക്ഷേപങ്ങൾ		100000	100000
3402001	Deposits-Revenue-റവന്യു നിക്ഷേപങ്ങൾ		50000	50000
3403001	Deposits Received From Staff -ജീവനക്കാരിൽ നിന്നുള്ള നിക്ഷേപങ്ങൾ		25000	25000
3408001	Deposit Received from Others -മറ്റുള്ളവരിൽ നിന്നുള്ള നിക്ഷേപങ്ങൾ		5000	5000
3501101	Employee Liabilities – ജീവനക്കാർക്ക് നൽകാനുള്ള സംഖ്യ		50000	50000
3502001	Recoveries Payable -റിക്കവറികൾ അടവാക്കനുള്ളത്		50000	50000

3502002	Recoveries Payable - Deductions FROM WORK BILLS - വർക്ക് ബില്ലിൽ നിന്നുള്ള റിക്കവറികൾ അടവാക്കനുള്ളത്		100000	100000
3503001	Government and Other Dues Payable - സർക്കാരിലേക്ക് അടവാക്കാനുള്ള മറ്റ് കുടിശികകൾ		100000	100000
110	**ആകെ**		**480000**	**480000**